(സി) മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതിയിലെ തുടർ പദ്ധതികൾക്ക് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ 2012.945 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും പദ്ധതി നിർവ്വഹണത്തിനായി ഫണ്ട് ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. മൃഗാശുപത്രികൾക്ക് മരുന്നുവാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതിയിൽ പുതിയ പരിപാടികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

പരിപ്രേക്ഷ്യം 2030

25 (*595) ശ്രീ. കെ. കെ. നാരായണൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ വികസന പരിപ്രേക്ഷ്യത്തിൽ കാർഷിക മേഖലയ്ക്ക് പ്രതിവർഷം ലക്ഷ്യമിടുന്ന വളർച്ച എത്ര ശതമാനമാണ് ;

(ബി) ഇത് ദേശീയ ശരാശരിയേക്കാളും കുറവാണോ ;

(സി) ഇത് കാർഷിക മേഖലയോടുള്ള അവഗണനയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ഡി) കാതലായ കാർഷിക പ്രശ്നങ്ങളെ പരിപ്രേക്ഷ്യം 2030 അവഗണിക്കാനിടയായ സാഹചര്യം എന്തായിരുന്നു; വിശദമാക്കാമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) സർക്കാരിന്റെ വികസന പരിപ്രേക്ഷത്തിൽ കാർഷിക മേഖലയിൽ പ്രതിവർഷം കുറഞ്ഞത് രണ്ട് ശതമാനം വളർച്ചയാണ് ലക്ഷ്യമിടുന്നത്.

(ബി) അതെ.

(സി) കുറച്ച് കാലമായി കേരള കാർഷിക മേഖലയുടെ വളർച്ചാനിരക്ക് പരിഗണനാർഹമല്ലാത്തതോ അല്ലെങ്കിൽ നെഗറ്റീവോ ആണ്. പ്രസ്തുത അവസ്ഥയിൽ നിന്നും കുറഞ്ഞത് രണ്ട് ശതമാനമെന്ന വളർച്ചാനിരക്കിൽ എത്തിക്കുവാൻവേണ്ടി കാർഷിക മേഖലയ്ക്ക് മുന്തിയ പരിഗണനയാണ് നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരളത്തിലെ കാർഷിക മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കിയുള്ള ദീർഘകാല ആസൂത്രണത്തിനും പരിപാടിയുമാണ് പരിപ്രേക്ഷ്യ പദ്ധതി 2030 ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ കാർഷിക രംഗത്തെ കാതലായ മുഴുവൻ പ്രശ്നങ്ങളും അവസ്ഥാ വിശകലനത്തിലൂടെ വിശദീകരിക്കുകയും അവയ്ക്കൊക്കെ തന്നെ കാലാനുസൃതമായ മാറ്റങ്ങൾ നിർദ്ദേശിക്കുകയുമാണ് ചെയ്തിരിക്കുന്നത്. വിവിധ കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി പരമ്പരാഗത രീതികളിൽ നിന്നും ഹൈടെക് സംമ്പ്രദായത്തിലേക്ക് കാർഷികവൃത്തി കൂതിച്ചുചാടേണ്ട രീതിയും മാർഗ്ഗവും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

സ്വപ്നസാഫല്യം പദ്ധതി

26 (*596) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോർക്ക റൂട്ട്സ് സ്വപ്ന സാഫല്യം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) ഉണ്ട്.

(ബി&സി) തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ ചെറിയ കുറ്റങ്ങൾക്ക് വിദേശ ജയിലുകളിൽ ശിക്ഷ അനുഭവിച്ച് മോചിതരാകുന്ന നിർദ്ധനരായ പ്രവാസി മലയാളികൾക്ക് നാട്ടിൽ തിരിച്ചെത്തുവാൻ സൗജന്യ വിമാന ടിക്കറ്റ് നൽകുന്നതിനു വേണ്ടിയുള്ള പദ്ധതിയാണ് സ്വപ്നസാഫല്യം. ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് വിദേശത്ത് ജോലി ചെയ്യുന്നതോ താമസിക്കുന്നതോ ആയ പ്രവാസി മലയാളികൾ ജയിൽ ശിക്ഷ അനുഭവിച്ചത് അവരുടേതായ കാരണങ്ങൾ കൊണ്ടുണ്ടായ കുറ്റകൃത്യങ്ങൾ ആയിരിക്കുവാൻ പാടുള്ളതല്ല. ഉംമ്റ/ഹജ്ജ് ട്യൂറിസ്റ്റ് വിസയിൽ വിദേശത്തുപോയി എന്തെങ്കിലും കാരണത്താൽ ജയിൽ ശിക്ഷ അനുഭവിച്ച് മോചിതരാകുന്നവരും ടി പദ്ധതിയുടെ ആനുകൂല്യത്തിന് അർഹരല്ല. സൗദി അറേബ്യയിൽ I.T.L ഗ്രൂപ്പുമായി സഹകരിച്ച് ആരംഭിച്ച ഈ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly